# 'പാപത്തിന്റെ മേൽ വിജയം'

## ഉൽപ്പത്തി 04:07

"എന്നാൽ യോഗ്യമായതു പ്രവർത്തിക്കാതിരുന്നാൽ പാപം നിന്റെ പടിവാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു. നീ അതിനെ കീഴടക്കണം എന്നു കൽപ്പിച്ചു.."

യഹോവയായ ദൈവം കായീനോട് പറഞ്ഞ വാക്കുകളാണിതെങ്കിലും നാം ഓരോരുത്തർക്കുമുള്ള ഒരു മുന്നറിയിപ്പും, ഓർമ്മപ്പെടുത്തലും കൂടിയാണീ വാക്യം. ഒരു ദൈവപൈതൽ എപ്പോഴും ഓർക്കേണ്ട ഒരു കാര്യമാണ് ഇത്. ഏത് നിമിഷവും ഒരു അവസരം കിട്ടിയാൽ തന്ത്രപരമായി തള്ളിത്തുറന്ന് അകത്തേക്ക് കടക്കാൻ ശ്രമിച്ചു കൊണ്ട് നമ്മുടെ ഹൃദയ വാതിൽക്കൽ തന്നെ പിശാച്ച് നിൽക്കുന്നു. എന്നാൽ നാം അതിന് മന:പൂർവമായി ഇടം കൊടുക്കുന്നവരാകരുത് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. പാപത്തിന് സ്വയം സമർപ്പണം ചെയ്യുന്നവർ സ്വയമായി അവരെത്തന്നെ വിൽക്കുന്നു, കാരണം പാപത്തിന്റെ ശമ്പളം മരണമാണെന്ന് വചനം നമ്മെ ഓർമ്മിപ്പുക്കുന്നു. ആരും പാപത്തിൽ മുങ്ങിത്താഴാൻ ആഗ്രഹിക്കുന്നവരല്ല. പലതും ഒന്നു ആസ്വദിച്ചതിന് ശേഷം മടങ്ങിവരാം എന്നുള്ള ആഗ്രഹത്തോടെ മാത്രം രുചി നോക്കുന്നവരാണ്, എന്നാൽ പിന്നീട് ഒരു തിരിച്ചു പോക്ക് എളുപ്പത്തിൽ സാധ്യമല്ല.

ശിംശോൻ ഇതുപോലെ പാപത്തെ സമീപിച്ച ഒരു വ്യക്തിയായിരുന്നു. എന്നാൽ അവന്റെ അന്ത്യം എത്ര ദാരുണമായിരുന്നു എന്നും നാം ഓർക്കണം. അതുപോലെ തന്നെ യൂദാസും, ഫറവോനുമൊക്കെ പാപത്തിന് സ്വയം സമർപ്പണം ചെയ്തു, മനസ്സ് കഠിനമാക്കി നശിച്ചുപോയി. എന്നാൽ ഒരു ദൈവപൈതൽ പാപത്തെ കീഴടക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു. സാത്താനോട് എതിർത്ത് നിൽക്കണം. എന്നാൽ അറിഞ്ഞോ അറിയാതെയോ പാപത്തിൽ വീണു പോയതുകൊണ്ട് ദൈവം നമ്മെ നിത്യമായി ഉപേക്ഷിക്കുന്നില്ല. ഒരുവൻ പാപത്തെ ഏറ്റുപറഞ്ഞ്, അനുതപിച്ച് മടങ്ങി വന്നാൽ ദൈവം അവനെ മാറോട് ചേർക്കും. അതാണ് ദൈവത്തിന്റെ നിത്യമായ സ്നേഹം. എത്ര കൊടിയ പാപിയായിരുന്നാലും ദൈവവുമായി അവനുള്ള അകലം എന്നു പറയുന്നത് അനുതാപത്തോടു കൂടിയുള്ള രണ്ടുതുള്ളി കണ്ണുനീർ മാത്രമാണ്. അവൻ പാപത്തെ മാത്രം വെറുക്കുന്നു, പാപിയെ സ്നേഹിക്കുന്നു. യഥാർത്ഥമായ കണ്ണുനീർ അവന്റെ ബലഹീനതയാണ്. ഏത് മഹാപാപിയേയും അവൻ രക്ഷിക്കും പക്ഷെ അവനോട് നിലവിളിക്കണം, ഏറ്റുപറയണം, സമ്മതിക്കണം, പാപത്തെ ഉപേക്ഷിക്കണം. പാപത്തിന്റെ

കാര്യത്തിൽ മറ്റാർക്കും നമ്മെ സഹായിക്കാനോ രക്ഷിപ്പാനോ സാധ്യമല്ല. ഒരു പരിഹാരകർമ്മങ്ങളും നമ്മെ രക്ഷിക്കയില്ല. മറിച്ച് നമ്മുടെ കണ്ണുനീർ കൊണ്ട് അവന്റെ പാദം കഴുകിയാൽ അവന്റെ രക്തം കൊണ്ട് അവൻ നമ്മെ കഴുകും, ഹിമം പോലെ വെളുപ്പിക്കും.

എനിക്കിനി രക്ഷയില്ല എന്ന് ഒരു പാപിയും പറയരുത്. അത് പിശാചിന്റെ തന്ത്രമാണ്. നിനക്ക് രക്ഷയുണ്ട്. അത് കർത്താവായ യേശുക്രിസ്തുവിൽ മാത്രം. യൂദാസ് അനുതപിച്ചില്ല, ഫറവോനും അങ്ങനെ തന്നെ. ഇസബേൽ എന്ന സ്ത്രീക്കും അനുതപിക്കായ്ക കൊണ്ട് മടങ്ങി വരാൻ സാധിച്ചില്ല. എന്നാൽ പത്രോസ് അനുതപിച്ചു മടങ്ങി വന്നു യഥാസ്ഥാനപ്പെട്ടു. ദാവീദും ഇതുപോലെ തന്നെ, അനുതപിച്ച് മടങ്ങി വന്നു ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള പുരുഷനായി മാറി. അതുകൊണ്ട് പാപം ചെയ്തു പോയാൽ കുറ്റബോധം ചുമന്നു കുറ്റവാളി ആവല്ലേ, ഭയപ്പെടല്ലേ, മറിച്ച് നാശത്തിന്റെ ഗർത്തത്തിൽ നിന്ന് പിതാവിനോട് നിലവിളിക്കണം. അവൻ കൈനീട്ടി നിന്നെ വിടുവിക്കും. ശുദ്ധീകരിക്കും. മകനും മകളുമാക്കും. ഈ സ്നേഹത്തെ മറന്നീടല്ലേ, തള്ളീടല്ലേ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം**

റോമർ 7:8

**“പാപമോ അവസരം ലഭിച്ചിട്ടു കൽപനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു.”**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 047**